# Weekly Devotions of March -2016

**Week-4**

## With whom you are walking ?

**(കൂടെ നടക്കുന്നത് ആർ ?)**



ഒരു ചെറുപ്പക്കാരൻ കരയിൽ നിന്ന് കഷ്ടിച്ച് '30' വാര മാത്രം അകലത്തിൽ കടലിൽ കൈകാലുകളടിച്ചുകൊണ്ട് 'തീരത്തേക്കുള്ള വഴി ഏത്' എന്ന് ചോദിച്ച് നിലവിളിച്ചു കൊണ്ടിരുന്നു. ആരും ആ നിലവിളി കേട്ടതായി നടിച്ചില്ല. കുറെ സമയം കഴിഞ്ഞിട്ടും തീരത്തേക്കെത്താൻ കഴിയാത്തവനെ രക്ഷിപ്പാൻ ഒരാൾ ഇറങ്ങി. തുടർന്ന് മറ്റു ചിലരും കൂടി എത്തി അയാളെ രക്ഷിക്കാൻ ശ്രമിച്ചു. എങ്കിലും ഫലമുണ്ടായില്ല. മിക്കവാറും ജീവനറ്റ ശരീരം കരക്കെത്തിച്ചപ്പോഴാണ് ഇവർ അറിയുന്നത്

അവൻ അന്ധനായിരുന്നു എന്ന് . വഴിയറിയാത്തതിനാലാണ് അയാൾ നിലവിളിച്ചത്.

ഇന്ന് ആത്മീയ അന്ധതയിലായ അനേകർ വഴിയറിയാതെ സഹായം ആഗ്രഹിക്കുന്നു. അവരുടെ ആത്മീയ കണ്ണ് തുറന്നേ മതിയാകുകയുള്ളൂ. ചിലരുടെ കണ്ണിന് കാഴ്ചയുണ്ടെങ്കിലും ഫലമില്ല , കാണേണ്ടത് കാണേണ്ടതുപോലെ കാണുന്നില്ല.

യെറുശലേമിൽ നിന്ന് എമ്മവുസിലേക്കുള്ള യാത്രയിൽ രണ്ടു ശിഷ്യൻമാർ ഇതുവരെ നടന്ന സംഭവങ്ങളാണ് വിവരിക്കുന്നത്. അവർ കൂടെ നടന്ന സഹയാത്രികനെ അറിഞ്ഞില്ല,എന്നാൽ അവന്റെ വാക്കു കേട്ട അവരുടെ ഉള്ളം കത്തിക്കൊണ്ടിരുന്നു എന്ന് അവൻ അറിഞ്ഞു. ഇന്ന് യേശുവിനെ അറിയാത്തവർ വചനം കേട്ടിട്ടും സ്വീകരിക്കുന്നില്ല. ചിലർ വചനം കേട്ട് മറക്കുന്നു. ഒരു ചലനം ഉള്ളിലുണ്ടായിട്ടും, കരുതൽ ലഭിച്ചിട്ടും കൂടെ ഉള്ളവനെ അറിയാത്തവരും ഉണ്ട്. എന്നാൽ കൂടെ നടന്നവനെ കൂടെ പാർപ്പാൻ ക്ഷണിച്ചപ്പോൾ ഈ ശിഷ്യർ , കൂടെ നടന്നവനെ തിരിച്ചറിഞ്ഞു. തിരിച്ചറിഞ്ഞവർ ഇവരെ പ്പോലെ വേഗം മടങ്ങി ഈ സദ്വാർത്ത (മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റവനെപ്പറ്റി)പറയുവാൻ അമാന്തിക്കരുത്.

പ്രീയരേ ! ഉയർത്തെഴുന്നേറ്റ യേശു കൂടെയുണ്ടായിട്ടും തിരിച്ചറിയാത്ത അനേകം പേർ രക്ഷയ്ക്കായി നിലവിളിക്കുന്നു. അവഗണിക്കരുതേ, ആരേയും, മറക്കരുതേ ഒരാളെപ്പോലും, രക്ഷിയ്ക്കുക എല്ലാവരേയും. ഇതാകട്ടെ നമ്മുടെ തീരുമാനം. മുൻപോട്ട് പോകുന്നതായി ഭാവിച്ചാലും യേശുവേ കൂടെ പാർക്കണേ എന്ന നമ്മുടെ വിളിക്കായി

അവൻ കാതോർക്കുന്നു. നിങ്ങളുടെ പ്രായമോ, രോഗമോ, സാമ്പത്തിക അവസ്ഥയോ ഒന്നും അവന് വിഷയമല്ല. ജീവിതാന്ത്യത്തിലായാലും ക്രിസ്തുവിനെ കണ്ടെത്തുവാൻ കഴിയുന്നത് എരിവുള്ള അനുഭവമാണ്. അനുഭവിച്ചവർക്കേ ആ സന്തോഷം മനസ്സിലാകുകയുള്ളൂ. അപ്രകാരമുള്ളവർ മറ്റുള്ളവർക്ക് സന്തോഷം പകുവയ്ക്കുന്നവരാകുവാൻ ദൈവം കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

ജീവന്റെ വഴി ഞങ്ങൾക്ക് കാട്ടിത്തന്ന പിതാവേ, നേരുള്ളവരായി നിന്റെ സന്നിധിയിൽ വസിച്ച്, നിന്റെ നാമത്തിന് സ്തോത്രം ചെയ്യുവാൻ സഹായിക്കേണമേ. നിന്നെ അറിയാത്തവർക്ക് നിന്നിലേക്കുള്ള വഴികാട്ടിക്കൊടുപ്പാൻ ഞങ്ങളെ സഹായിക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind